## മഹാത്മജിയുടെ വഴികൾ, വഴികാട്ടികൾ




**മഹാത്മാ** ഗാന്ധിയെക്കുറിച്ച് രചിക്കപ്പെട്ട പുതിയ പുസ്തകമാണ് മഹാത്മജിയുടെ വഴികൾ, വഴികാട്ടികൾ. ഗാന്ധിജിയും കേരളവും, അഹിംസ, സത്യഗ്രഹം, ഗാന്ധിയും പ്രേംചന്ദും, ഗാന്ധിജിയും മാർട്ടിൻ ലൂഥർ കിംഗും തുടങ്ങിയ വിവിധ വിഷയങ്ങൾ ഈ പുസ്തകത്തിന്റെ ഒന്നാം ഭാഗത്ത് വിവരിക്കുന്നു. ഗാന്ധിജിക്ക് പ്രേരണ നൽകിയ കൃതികളും വ്യക്തികളുമാണ് രണ്ടാം ഭാഗത്ത് പ്രതിപാദിക്കപ്പെടുന്നത്. തുളസിദാസിന്റെ *രാമചരിതമാനസം*, *ഭഗവത്ഗീത*, എഡ്വിൻ ആർനോൾഡിന്റെ *ദ ലൈറ്റ് ഓഫ് ഏഷ്യ*, *ബൈബിൾ*, ഹെൻറി സെയിലിന്റെ ഖുർആൻ വിവർത്തനം തുടങ്ങിയവ ഗാന്ധിജിയെ സ്വാധീനിച്ച ഗ്രന്ഥങ്ങളിൽപെടുന്നു. ഗുജറാത്തി ഭക്ത കവികളായ ശാമൾ ഭട്ട്, ഹരസിഹമേഹത്ത, ഗോഖലെ, ജോൺ റസ്ക്, ഹെൻറി ഡേവിഡ് തോറോ, റാൽഫോ വാൽഡോ എമേഴ്സൺ, ടോൾസ്റ്റോയ് തുടങ്ങിയവർ ഗാന്ധിജിയിൽ ചെലുത്തിയ സ്വാധീനങ്ങളും വിവരിക്കുന്നു.

**ഡോ. ആർസു പേജ് 160, വില 80**
**വചനം ബുക്സ്, കോഴിക്കോട്-4.**

## അസർമുല്ലപ്പൂക്കൾ




**പന്ത്രണ്ടു** കഥകളുടെ സമാഹാരമാണ് വലിയോറ വി.പിയുടെ 'അസർമുല്ലപ്പൂക്കൾ' എന്ന ബാലസാഹിത്യ കൃതി. കുട്ടികളിൽ നന്മയും സ്നേഹവും വളർത്താനുതകുന്ന ഗുണപാഠങ്ങളുള്ള കഥകളാണിവ. പണക്കിളി, പാതകിയും മാലാഖമാരും, ഉറക്കം, ആനക്കലഹം, ഭരണാധിപന്റെ വീണ്ടുവിചാരം, കുട്ടിച്ചെകുത്താന്റെ വിക്രിയകൾ, തോട്ടക്കാരൻ, ചുമതലാബോധം, ബുദ്ധിമതി, ന്യായവാദം, ചാരൻ, പേടിത്തൊണ്ടൻ എന്നിവയാണ് കഥകൾ.

**പേജ്: 67 വില: 30 ഐ.പി.എച്ച് കോഴിക്കോട്.**

## ഇറാനും പാശ്ചാത്യ ആണവ രാഷ്ട്രീയവും




'**നിങ്ങൾ** ഫിഫ്ത് ജനറേഷൻ ആറ്റംബോംബ് വരെ ഉണ്ടാക്കുകയും പരീക്ഷിക്കുകയും ചെയ്തിരിക്കെ മറ്റുള്ളവർക്ക് ആണവോർജ്ജം പോലും പാടില്ലെന്ന് പറയാൻ നിങ്ങളാരാണ്? അണുശക്തികൊണ്ട് അണുബോംബ് മാത്രമേ ഉണ്ടാക്കാനാവൂ എന്ന് നിങ്ങളോട് പറഞ്ഞതാരാണ്?' അമേരിക്കയുടെയും പാശ്ചാത്യരാഷ്ട്രങ്ങളുടെയും മുഖത്തടിച്ച ഈ ചോദ്യങ്ങൾ ഇറാൻ പ്രസിഡന്റ് അഹ്മദി നിജാദിന്റേതാണ്. പതിനായിരത്തോളം അണുബോംബുകൾ അമേരിക്കക്കും നാനൂറോളം ബോംബുകൾ ഇസ്രയേലിനും സ്വന്തമായുണ്ട്. എന്നാൽ ഇറാൻ ഭാവിയിൽ ഉണ്ടാക്കിയേക്കാം എന്നു പറയുന്ന അണുബോംബിനെച്ചൊല്ലി യു.എസും യൂറോപ്പും ഇറാനെതിരെ യുദ്ധത്തിനൊരുങ്ങുകയാണ്. ഈ പശ്ചാത്തലത്തിൽ ശ്രദ്ധേയമായ കൃതിയാണ് എൻ.എം ഹുസൈന്റെ 'ഇറാനും പാശ്ചാത്യ ആണവ രാഷ്ട്രീയവും'. ആണവരാഷ്ട്രീയം, നുണബോംബുകൾ, ഷായും അമേരിക്കയും, യുദ്ധമെന്ന ആഘോഷം, വംശീയത, എ.എഫ്.ഡിയുടെ വിലാപം എന്നിങ്ങനെ 14 കുറിപ്പുകളുടെ സമാഹാരം.

**പേജ്: 58, വില: 30.00**
**ഐ.പി.എച്ച്, കോഴിക്കോട്.**

## നല്ല ചങ്ങാതിമാർ




**കുട്ടികൾക്കുവേണ്ടി** എഴുതപ്പെട്ട കുഞ്ഞിക്കഥകളുടെ സമാഹാരമാണ് ഗിഫു മേലാറ്റൂരിന്റെ 'നല്ല ചങ്ങാതിമാർ.' ലളിതമായ ശൈലിയിൽ രചിക്കപ്പെട്ട സാരോപദേശ കഥകൾ. ചെമ്പുവിന്റെ അഹങ്കാരം, സ്വാശ്രയം തന്നെ രക്ഷ, മാവിന്റെ മഹത്ത്വം, മധുരവും പുളിയും, കുരങ്ങച്ചന്റെ അനുകരണം, സമയം, അമീർ പഠിച്ച പാഠം, സമർഥൻ തുടങ്ങി പത്തൊമ്പത് കഥകൾ. സജീവൻ ചേർത്തലയുടെ ചിത്രീകരണം.

**പേജ്: 46, വില: 23.00**
**ഐ.പി.എച്ച് കോഴിക്കോട്**